**File No.SJD/619/2020-C2**

150 YEARS OF CELEBRATING THE MAHATMA

Break the Chain

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: ഷീബ ജോർജ്ജ് ഐ എ എസ് )

ഉത്തരവ് നം.

തിരുവനന്തപുരം,
തീയതി. 11/09/2020

---

വിഷയം: സാമൂഹ്യനീതി വകുപ്പ്-ട്രാൻസ്ജെൻഡർ ക്ഷേമം-പുതിയ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ്/കമ്മിറ്റികൾ രൂപീകരിയ്ക്കുന്നതുവരെ നിലവിലുള്ള ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡുകൾ /കമ്മിറ്റികൾ തുടരുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

പരാമർശം : 1.സ.ഉ .(അച്ചടി)നം.3/2017/സാനീവ,തീയതി-09.03.2017.

2.സ.ഉ.സാധാ നം.137/2020/സാനീവ,തീയതി-07.03.2020.

3.12.02.2019 ൽ ബഹു.ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനതല ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡിന്റെ യോഗ മിനിട്ട്സ്.

4.സർക്കാർ കത്ത്നം.സാനീവ-ബി3/317/2019-സാനീവ,തീയതി23.07.2020.

ട്രാൻസ്ജെൻഡർ പോളിസിയുടെ ഭാഗമായി സംസ്ഥാനതല ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡും, ജില്ലാതല ട്രാൻസ്ജെൻഡർ ജസ്റ്റിസ് കമ്മിറ്റികളും രൂപീകരിച്ച് പരാമർശം 1 പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പരാമർശം 2 പ്രകാരം ടി ബോർഡ്/കമ്മിറ്റികളുടെ കാലാവധി 3 വർഷമായി നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിയ്ക്കുകയുണ്ടായി. ഇപ്രകാരം 3 വർഷം കാലാവധി നിശ്ചയിച്ചുകൊണ്ട് രൂപീകരിച്ച സംസ്ഥാനതല ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡും, ജില്ലാതല ട്രാൻസ്ജെൻഡർ ജസ്റ്റിസ് കമ്മിറ്റികളുടേയും കാലാവധി നിലവിൽ അവസാനിച്ചിട്ടുണ്ട്. പരാമർശം 3 പ്രകാരമുള്ള 12.02.2019 ൽ ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനതല ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡിന്റെ യോഗ മിനിട്ട്സ് പ്രകാരം ബോർഡുകൾ പുനസംഘടിപ്പിയ്ക്കുന്നതിന് നിർദേശിച്ചിട്ടുണ്ട്. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ . ജില്ലകളിൽ ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിയ്ക്കുന്നതിന് ബോർഡുകളുടെ സേവനം അനുവാര്യമാണ് . ആയതിനാൽ സംസ്ഥാന -ജില്ലാതല ജസ്റ്റിസ് ബോർഡുകൾ പുനസംഘടിപ്പിയ്ക്കുന്നതുവരെ നിലവിലുള്ള ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡുകൾ തുടരുന്നതിന് പരാമർശം 4 പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ട്രാൻസ്ജെൻഡർ ക്ഷേമ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് തുടർന്നും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി പുതിയ ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡ്/കമ്മിറ്റികൾ രൂപീകരിയ്ക്കുന്നതുവരെ നിലവിലുള്ള ട്രാൻസ്ജെൻഡർ ജസ്റ്റിസ് ബോർഡുകൾ /കമ്മിറ്റികൾ തുടരുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

<u>എല്ലാ അംഗങ്ങൾക്കും</u>

<u>പകർപ്പ് :</u>

1. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫിസർമാർക്കും

**File No.SJD/619/2020-C2**

2. സ്റ്റോക്ക് ഫയൽ/സ്പെയർ

.

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്